പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *522 — 02.07.2019-ൽ മറുപടിയ്ക്ക്

## അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
ശ്രീ.ഒ. ആർ. കേളു
ശ്രീ.എം. രാജഗോപാലൻ
ശ്രീ.സജി ചെറിയാൻ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തിക സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കുമായി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം എത്ര സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് അറിയിക്കാമോ; ഭൂരഹിത പട്ടികഗോത്ര വർഗ്ഗക്കാരുടെ പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷം 101 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 42 കോളനികളിലെ നിർമ്മാണ പ്രവർത്തനത്തിനുള്ള മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. 36 കോളനികളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായിട്ടുള്ള 10943 കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതാണ് ടി.ആർ.ഡി.എം-ന്റെ പ്രധാന ലക്ഷ്യം. ഇതിലേയ്ക്കായി നിക്ഷിപ്ത വനഭൂമി, വനാവകാശനിയമപ്രകാരം ആർ.ഓ.ആർ രേഖ നൽകുക, വിലകൊടുത്ത് ഭൂമി വാങ്ങി നൽകുക എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കാനാണുദ്ദേശിക്കുന്നത്.<br>സംസ്ഥാനത്ത് നാളിതുവരെയായി 9781 പേർക്ക് 11378 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, നിക്ഷിപ്ത വനഭൂമി |

| | | | |
|---|---|---|---|
| | | | എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ വനാവകാശ നിയമപ്രകാരം 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 430 പേർക്ക് 163.73 ഏക്കർ ഭൂമി വിതരണം നടത്തി. (ഇതിൽ വയനാട് ജില്ലയിൽ 147 പേർക്ക് 10 സെന്റ് വീതം 14.7 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്). വനാവകാശനിയമപ്രകാരം 830 പേർക്ക് 1493 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകി. കൂടാതെ 1593 കുടുംബങ്ങൾക്ക് 1326.46 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു.<br><br>2013-ൽ ആരംഭിച്ച ഭൂമി വാങ്ങി നൽകുന്ന പദ്ധതി (ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം) നടപ്പിലാക്കിയതിൽ വ്യാപക പരാതികൾ ഉണ്ടായതിനെ തുടർന്ന് ഈ സർക്കാർ പദ്ധതി പുനഃപരിശോധിച്ച് ഭൂമി വാങ്ങി നൽകുന്ന പദ്ധതി സുതാര്യമായി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കണമെന്ന ഉദ്ദേശത്തോടെ ലാന്റ് ബാങ്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ജില്ലാ കളക്ടർമാർ മുഖേന നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് വിൽപ്പനയ്ക്ക് തയ്യാറുള്ളവരിൽ നിന്നും കണ്ടെത്തുന്ന ഭൂമി രണ്ട് തലങ്ങളിലുള്ള ഫീൽഡ് പരിശോധന നടത്തി വില നിർണ്ണയം നടത്തി വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. ടി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ വിവിധ ജില്ലകളിൽ (കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഒഴികെ) 690 ഭൂ ഉടമകളിൽ നിന്നും 1674.77 ഏക്കർ |

| | | | |
|---|---|---|---|
| | | | ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ടി ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായി ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള തുടർ നടപടി നടന്നു വരുന്നു. ടി പദ്ധതിയിൻ കീഴിൽ വയനാട് ജില്ലയിൽ 2018-19 സാമ്പത്തിക വർഷം 147 പേർക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| ബി) | പട്ടികഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരികത്തനിമ നിലനിർത്തിക്കൊണ്ടു തന്നെ സാംസ്കാരികോദ്ഗ്രഥനം സാധ്യമാക്കുന്നതിന് ഉപയുക്തമായ രീതിയിലാണോ കൊച്ചിയിലെ ആദിവാസി സാംസ്കാരിക സമുച്ചയം സ്ഥാപിച്ചിരിക്കുന്നത്; വിശദമാക്കുമോ? | ബി) | അതെ.<br>കേരളത്തിലെ പട്ടികഗോത്രസമൂഹങ്ങളുടെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുകയും, അവ അതിന്റെ പൂർണ്ണതയിൽ ലോകത്തിന് മുന്നിൽ കാട്ടിക്കൊടുക്കയുമെന്നത് ആദിവാസി സാംസ്കാരിക സമുച്ചയത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഒന്നാണ്. ആദിവാസികളുടെ സാംസ്കാരിക ചരിത്രത്തിൽ നിന്നും അന്യം നിന്നുപോയ പല നാടൻ കലാരൂപങ്ങളെയും പ്രത്യേക പ്രാധാന്യം നൽകി അവയുടെ പകിട്ട് നഷ്ടപ്പെടാതെ പൊതു വേദികളിൽ കൊണ്ടുവന്ന് കൂടുതൽ പ്രചാരം നൽകുന്നതിന് ഇതിലൂടെ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്നതും, ഉൽപ്പാദിപ്പിക്കുന്നതുമായ ഉൽപ്പനങ്ങളുടെ പ്രദർശനത്തിനും, വിപണനത്തിനും കൂടിയുള്ള ഒരു സ്ഥിരം വേദിയായി സാംസ്കാരികസമുച്ചയം മാറ്റണമെന്നുള്ള ലക്ഷ്യവും ഉണ്ട്. കേരളത്തിലെ ഗോത്രവർഗ്ഗജനതയുടെ കലയും, സംസ്കാരവും, പാരമ്പര്യ തൊഴിലുകളും സമന്വയിപ്പിക്കുക വഴി ഒരു പൈതൃക ടൂറിസം കേന്ദ്രമായി സാംസ്കാരിക സമുച്ചയം ലോക ഭൂപടത്തിൽ ഇടംപിടിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായുള്ള സ്ഥിരം സംവിധാനം സ്ഥാപിക്കുക വഴി പട്ടികവർഗ്ഗ മേഖലയിൽ ഒരു തൊഴിൽ സംരംഭം തുറന്ന് നൽകാൻ ഇതിലൂടെ കഴിയുമെന്നതും പ്രധാന നേട്ടമാകും. പട്ടികവർഗ്ഗക്കാരുടെ തനത് കലകൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായി ഇപ്പോൾ ഗദ്ദിക എന്ന സാംസ്കാരിക പരിപാടി മാത്രമാണുള്ളത്. |

| | | | |
|---|---|---|---|
| | | | വർഷത്തിൽ രണ്ട് തവണ നടക്കുന്ന ഇത്തരം ഗോത്രകലാമേളകളിൽ മാത്രം കലാരൂപങ്ങൾ ഒതുങ്ങി പോകുന്നത് ഒഴിവാക്കുന്നതിന് ഗോത്ര സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം വഴി സാധിക്കും. ഇത്തരത്തിൽ പട്ടികഗോത്രവർഗ്ഗക്കാരുടെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് സാംസ്കാരികോദ്ഗ്രഥനം സാധ്യമാകുന്നതിനായിട്ടാണ് സാംസ്കാരിക സമുച്ചയം സ്ഥാപിച്ചിരിക്കുന്നത്. |

Hari

**സെക്ഷൻ ഓഫീസർ**